


# ഷോപ്പിംഗ് മാമാങ്കം ആർക്കുവേണ്ടി

സി.ആർ. നീലകണ്ഠൻ

കേരളസർ[illegible] മുൻ[illegible]യെടുത്ത് വ[illegible]ിയ മാമാങ്കമ[illegible] നടത്തുന്ന മൂന്നാമത് മഹാകേരള ഷോപ്പിംഗ് ഉത്സവം യഥാർത്ഥത്തിൽ നടക്കുന്നതെവിടെയാണ്? കേരളത്തിലെ വിവധ നഗരങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിക്കുന്ന ഒരാൾക്ക് തോന്നുക ഈ ഉത്സവം നടക്കുന്നത് സർക്കാർ നടത്തുന്ന മാവേലി സ്റ്റോറുകളി ലും ത്രിവേണി സൂപ്പർ സ്റ്റോറുകളി ലും മററുമണെന്നാണ്. ഏറെക്കാലമാ യി നാം കണ്ടിട്ടില്ലാത്തവിധം തിരക്കാ ണ് റേഷൻ കടകൾ മുതലുള്ള എല്ലാ പൊതുവിതരണ സ്ഥാപനങ്ങളിലും. കുറച്ച് മാസങ്ങൾക്ക് മുമ്പ് ഇത്തരം നീണ്ടനിരകൾ നാം കണ്ടിരിക്കുന്നത് മദ്യവിൽപനശാലയ്ക്ക് മുന്നിൽ മാത്രമാണ്. മലയാളി പുരുഷൻ അച്ചടക്കം പാലിക്കുന്ന ഒരേഒരു ഇടം ഇവിടം മാത്രമാണല്ലോ?

എന്തുകൊണ്ടാണ് പൊതുവിതരണ കടകളിൽ ഇത്ര തിരക്കെന്ന് എല്ലാവർക്കുമറിയാം. കേരളം അനുഭവിച്ചിട്ടുള്ള ഏററവും ഉയർന്ന വിലക്കയററമാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങൾകൊണ്ട് സാധാരണ മനുഷ്യർക്ക് ദിവസേന ആവശ്യമുള്ള അരി,പലവ്യഞ്ജനം, പച്ചക്കറി മുതലായവയുടെ വില മൂന്നുമടങ്ങു വരെ ഉയർന്നിരിക്കുന്നു. 40-50 ശതമാനം വിലക്കുറവിൽ നൽകുന്നതുകൊണ്ടാണ് മാവേലി സ്റ്റോറുകളിൽ ഇത്രയധികം തിരക്ക് കാണുന്നത്. കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കടുത്ത വിലക്കയററത്തിൽ ഞെരുങ്ങുമ്പോൾ എന്തിനാണ് സർക്കാർ ഷോപ്പിംഗ് ഉത്സവം നടത്തുന്നത്. ആരാവിണിടെ ഷോപ്പിംഗിനെത്തുന്നത് ?

ഈ ഉത്സവത്തിന്റെ മൂന്നാം വർഷത്തിൽ 4700 വ്യാപാര സ്ഥാപനങ്ങൾ എല്ലാ ജില്ലകളിലുമായി രജിസ്ററർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം അത് 2300 ആയിരുന്നു. വൻവർദ്ധനവ് തന്നെ. കേരളത്തെ മററ് പല സ്ഥലങ്ങളെപ്പോലെ (ദുബായ്, സിംഗപ്പൂർ) ഒരു ആഗോള ഷോപ്പിംഗ് കേന്ദ്രമാക്കി മാററലാണിതിന്റെ ലക്ഷ്യമെന്നാണ് സർക്കാർ വാദം. ക്രിസ്തുമസ്, പുതുവർഷം തുടങ്ങിയ സീസണുകൾക്കിടയിൽ വരുന്നതിനാൽ സംഗതി ഉഷാറാകും. ടൂറിസം മേഖലയ്ക്കും ഇത് ഗുണകരമാകും. (വാങ്ങാൻ വേണ്ടി അന്യനാട്ടുകാർ ഇവിടെ വരുമല്ലോ!). വ്യാപാര സ്ഥാപനങ്ങളിലേക്ക് ഉപഭോക്താക്കളെ ആകർഷിക്കാൻ ഏററവും പഴയ തന്ത്രങ്ങളിലൊന്നായ ഭാഗ്യക്കുറി നറുക്കെടുപ്പ് തന്നെയാണ് ഇവിടെയും പരീക്ഷിക്കപ്പെടുന്നത്. ദുബായും മററും ചെയ്യുന്നതുപോലെ സ്വർണ്ണനാണയം തന്നെയാ

ണ് സമ്മാനം. (സ്വർണ്ണവില വാനോളം ഉയരുന്ന കാലമായതിനാൽ, സ്വതവേ സ്വർണ്ണ പ്രിയരായ മലയാളികൾ വീണേക്കും. പക്ഷെ അന്യനാട്ടുകാർക്കിതിൽ എത്ര താത്പര്യമുണ്ടാകും എന്നത് വേറെ കാര്യം.) 40 കിലോ സ്വർണ്ണമാണ് മൊത്തം സമ്മാനം. ആറ് ഒന്നാം സമ്മാനങ്ങൾ ഓരോ കിലോ സ്വർണ്ണം വീതവും ആറ് രണ്ടാം സമ്മാനങ്ങൾ അരക്കിലോ സ്വർണ്ണ വീതവും നൽകുന്നു. ഓരോ ആഴ്ചയിലും നറുക്കെടുപ്പിൽ 66 പേർക്ക് 10 പവൻ വീതം ഒന്നാം സമ്മാനവും 6 പേർക്ക് 5 പവൻ വീതവും പ്രോത്സാഹന സമ്മാനമായി 100 പേർക്ക് ഓരോ പവൻ വീതവും നൽകുന്നു. പദ്ധതികൾക്ക് മാധ്യമങ്ങളിൽ വൻ പര്യസ്യവും നൽകുന്നുണ്ട്. കഴിഞ്ഞ ഒരു പഞ്ചവത്സര പദ്ധതിയിലും വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാറുകൾ കാര്യമായൊന്നും ചെയ്യാറില്ലെന്ന് പരാതി പറയുന്നത് ഇടതുപക്ഷ സാമ്പത്തിക വിദഗ്ദ്ധനെന്ന അവകാശപ്പെടുന്ന തോമസ് ഐസക്ക് തന്നെയാണ്. പൊതുവെ തകർച്ച നേരുടുന്ന കേരളത്തിലെ വ്യാപാര മേഖലയ്ക്ക് ഉത്സവം ഊർജ്ജം പകരുമെന്ന് വിശ്വസിക്കുന്നു.

ആരാണ് ഈ മേളകളിൽ പങ്കെടുക്കുന്നത്? എന്താണിവിടെ വിൽക്കുന്നത്? മന്ത്രിയും മററും പറയുന്നതുപോലെ ലോകത്തിലെ (ഇന്ത്യയുടെ പോലും) മററു ഭാഗങ്ങളിൽനിന്ന് ഇവിടെ വന്ന് ആരെങ്കിലും ഷോപ്പിംഗ് നടത്തുമെന്ന് വിശ്വസിക്കാൻ അത്ര വിഢികളൊന്നുമല്ലല്ലോ നമ്മളും. ഈ സ്ഥാപനങ്ങളിൽ വന്നാൽ എന്തുമെച്ചമാണവർക്കുള്ളത്? അതിനായി മുടക്കുന്ന യാത്രാചിലവ് എങ്കിലും കിട്ടുമോ? എന്താണിവിടെ വിൽക്കുന്നത് എന്നതിനും പ്രാധാന്യമുണ്ട്. അന്യനാട്ടിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ (തുണി, ഗാർഹികോപകരണങ്ങൾ മുതൽക്ക്) തന്നെയല്ലേ ഇവിടെ വിൽക്കുന്നത്? ഇത് വാങ്ങാൻ അവർ എന്തിനാണ് ഇങ്ങോട്ടുവരുന്നത്? ഇവിടെ വിൽക്കാൻ നമ്മുടേതായി എന്താണുള്ളത്? (സെക്സ് ടൂറിസത്തിൽ വിൽക്കാൻ കുറച്ച് സ്ത്രീ ശരീരങ്ങളൊഴിച്ച്). ചുരുക്കത്തിൽ നമ്മുടെ നാട്ടുകാർ അന്യനാട്ടുകാരുടെ ഉത്പന്നങ്ങൾ വൻതോതിൽ വാങ്ങാൻ നമ്മുടെ സർക്കാർ നമ്മെ പ്രേരിപ്പിക്കുന്ന ഒന്നാണീമേള. ഇതുവഴി ഇവിടേക്ക് പണമെത്തുകയല്ല, നമ്മുടെ പണം അന്യരാജ്യങ്ങളിലേക്ക് കൊണ്ടുപോകുകയാണ്.

റിയൽ എസ്റേററ് വ്യാപാരത്തിൽ ഊഹവ്യാപാരവും തട്ടിപ്പും നടത്തുന്നവരും ചില നാണ്യവിള കർഷകരും ഐ.ടി മുതലായ പുത്തൻ തൊഴിൽ മേഖലകളിൽ വൻതുക ശമ്പളം വാങ്ങുന്നവരുമെല്ലാം ഉൾപ്പെടുന്ന കൂട്ടമാണ് ഷോപ്പിംഗ് ഉത്സവത്തിലെ മുഖ്യപങ്കാളികൾ. ശേഷിയിൽ ഇവിടെനിന്നും താഴെ തട്ടിലാണെങ്കിലും മനസ്സുകൊണ്ട് ഇവർക്കൊപ്പമായ (ആകാൻ ശ്രമിക്കുന്ന) മറെറാരു 20 ശതമാനം പേരും നമ്മുടെ നാട്ടിലുണ്ട്. ഉന്നത ഉദ്യോഗസ്ഥരും യു.ജി.സി അധ്യാപകരും പല ഡോക്ടർമാരും ചില എൻജിനീയർമാരും ചില വക്കീലൻമാരും നിരവധി വിദേശമലയാളികളും ഈ വിഭാഗത്തിലുണ്ട്. മേൽത്തട്ടിലുള്ളവർക്കൊപ്പമെത്താൻ അഴിമതി മുതൽ പണച്ചങ്ങല തട്ടിപ്പും ബ്ളേഡ് കമ്പിനിയും വരെ എന്തും ചെയ്യാൻ ഇവർ തയ്യാറാണ്. ഒന്നും നടന്നില്ലെങ്കിൽ വായ്പകളെ (തവണച്ചങ്ങലകളെ) ആശ്രയിക്കും. പലർക്കും കുടുംബ തകർച്ചയും ആത്മഹത്യയും വരെ ഭാവിയിലുണ്ടാകും.

മലയാളികളിൽ തന്നെ ആരാണിവിടെയെത്തുന്നത്? കേരളീയ സമൂഹത്തിനകത്തെ വൈരുദ്ധ്യവും പൊള്ളത്തരങ്ങളും ഇവിടെ തുറന്ന് കാട്ടപ്പെടുകയാണ്. അതിസമ്പന്നരും ഏത് വിലയ്ക്കും എന്തും വാങ്ങാൻ ശേഷിയുള്ളവരാണിവിടെയുള്ള 10–15 ശതമാനം പേർ. കുറച്ച് ഗൾഫ് (വിദേശ) മലയാളികൾ, പ്രധാനമായും ബിസിനസുകാർ ഇതിൽപ്പെടും. അഴിമതിയിലൂടെ കള്ളപ്പണം സമ്പാദിച്ചിട്ടുള്ള രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥരുമായ കുറച്ച് പേരുണ്ട്. റിയൽ എസ്റേററ് വ്യാപാരത്തിൽ ഊഹവ്യാപാരവും തട്ടിപ്പും നടത്തുന്നവരും ചില നാണ്യവിള കർഷകരും ഐ.ടി മുതലായ പുത്തൻ തൊഴിൽ മേഖലകളിൽ വൻതുക ശമ്പളം വാങ്ങുന്നവരുമെല്ലാം ഉൾപ്പെടുന്ന കൂട്ടമാണ് ഷോപ്പിംഗ് ഉത്സവത്തിലെ മുഖ്യപങ്കാളികൾ. ശേഷിയിൽ ഇവിടെനിന്നും താഴെ തട്ടിലാണെങ്കിലും മനസ്സുകൊണ്ട് ഇവർക്കൊപ്പമായ(ആകാൻ ശ്രമിക്കുന്ന) മറെറാരു 20 ശതമാനം പേരും നമ്മുടെ നാട്ടിലുണ്ട്. ഉന്നത ഉദ്യോഗസ്ഥരും യു.ജി.സി അധ്യാപകരും പല ഡോക്ടർമാരും ചില എൻജിനീയർമാരും ചില വക്കീലൻമാരും നിരവധി വിദേശമലയാളികളും ഈ വിഭാഗത്തിലുണ്ട്. മേൽത്തട്ടിലുള്ളവർക്കൊപ്പമെത്താൻ അഴിമതി മുതൽ പണച്ചങ്ങലതട്ടിപ്പും ബ്ളേഡ് കമ്പിനിയും വരെ എന്തും ചെയ്യാൻ ഇവർ തയ്യാറാണ്. ഒന്നും നടന്നില്ലെങ്കിൽ വായ്പകളെ (തവണച്ചങ്ങലകളെ) ആശ്രയിക്കും. പലർക്കും കുടുംബ തകർച്ചയും ആത്മഹത്യയും വരെ ഭാവിയിലുണ്ടാകും.

മലയാളികളുടെ ആവശ്യങ്ങൾ എന്നത് ഭൗതികമായ ആവശ്യങ്ങളല്ല, പലതും കമ്പോളം സൃഷ്ടിക്കുന്നതാണ്. അവിടെ ലഭ്യമാകുന്ന പല സൗകര്യങ്ങളും സുഖങ്ങളും സന്തോഷങ്ങളും സൗകര്യങ്ങളും തങ്ങളുടെ അത്യാവശ്യമാണെന്നിവരെ ബോധ്യപ്പെടുത്തുന്ന ഒരു മാധ്യമ സംസ്കാരമാണ് നമുക്കുള്ളത്. പിന്നെ അത് വാങ്ങിക്കൂട്ടലാണ്. ഒട്ടുമിക്ക എക്സ്ചേഞ്ച് വ്യാപാരങ്ങളും ഇത്തരത്തിലുള്ളതാണ്. പഴയത് ആവശ്യത്തിന് മതി, പക്ഷെ അതല്ല യഥാർത്ഥ ആവശ്യം,

മറിച്ച് പുതിയത് വാങ്ങുകയെന്നതുത ന്നെയാണ്. ഇത് നല്ലായി മുതലെടു ക്കാൻ വ്യാപാരികൾക്ക് നന്നായറി യാം. കാർ, തുണി, ആഭരണം, ഗാർഹിക ഉപകരണങ്ങൾ, ഗൃഹ നിർമ്മാണ വസ്തുക്കൾ തുടങ്ങിയവ യാണ് പ്രധാനമായും വിൽക്കുന്നത്. ഇതൊന്നും ഇപ്പോഴില്ലത്തവരല്ല പുതിയവ വാങ്ങുന്നത് എന്നർത്ഥം. മിക്കവസ്തുക്കളും ജീവിതത്തിൽ എപ്പോഴെങ്കിലും ഉപയോഗിക്കാ നുള്ളവയാണുതാനും.(ചിലർ ഒരിക്ക ലും ഉപയോഗിക്കുകയുമില്ല). ഇക്കൂട്ടർ ഷോപ്പിംഗ് മേളകളിലെ ങ്കിലും ഈ വ്യാപാരങ്ങൾ നടത്തുന്ന വർ തന്നെയാണ്. പക്ഷെ ഇത്ര കൂട്ടത്തോടെ വരില്ലെന്ന് മാത്രം. താഴെത്തട്ടിലുള്ള കുറേപേരെങ്കിലും അനുകരണ ഭ്രമത്തിന്റെ ഭാഗമായി ഇത്തരം ഉത്സവ പറമ്പുകളിൽ എത്താറുണ്ട്. എന്നാൽ ഈ വർഷം അവരുടെ എണ്ണം വളരെ കുറവാണ്. ആഗോള മാന്ദ്യവും ഗൾഫ് മാന്ദ്യവും നിർമ്മാണ മേഖലയിലെ തളർച്ചയും ഇവരിൽ ഒരു വിഭാഗത്തെ നിസ്വരാ ക്കിയിരിക്കുകയാണ്. ഇതോടൊപ്പ മാണ് മുമ്പൊരിക്കലുമില്ലാത്ത തരത്തിലുള്ള വിലക്കയററവും. ഇതാണ് മാവേലി സ്റേറാറുകൾക്ക് മുൻപിൽ വൻതിരക്കുണ്ടാകാൻ കാരണം. കാറിൽ വന്നിറങ്ങി കുറ ഞ്ഞ വിലയ്ക്ക് അരിയും പഞ്ചസാര യും പരിപ്പും പച്ചക്കറികളും വാങ്ങാ ൻ നിൽക്കുന്നവരെ നമുക്ക് കാണാം. ഇക്കൂട്ടർ ഷോപ്പിംഗ് ഉത്സവത്തിൽ പോകുന്നതേയില്ല. ചുരുക്കത്തിൽ മഹാഭൂരിപക്ഷത്തിനും പങ്കെടുക്കാൻ കഴിയാത്ത ഒന്നായിരിക്കുന്നു ഈ സർക്കാർ മാമാങ്കം. എന്നിട്ടും ഇതിന് വേണ്ടി സർക്കാർ വിശേഷിച്ചും ഭൂരിപക്ഷമെന്നവകാശപ്പെടുന്നവർക്ക്- ഇത്രയേറെ ബുദ്ധിമുട്ടുന്നതും പണം മുടക്കുന്നതും എന്തുകൊണ്ട്?

നമ്മുടെ ഉദ്യോഗസ്ഥ രാഷ്ട്രീയ മണ്ഡലങ്ങൾ തീരുമാനങ്ങൾ എടു ക്കുന്ന വിഭാഗക്കാർ ഇപ്പോൾ ബഹുഭൂരിപക്ഷ സമൂഹത്തിൽ പ്പെട്ടവരല്ല എന്ന സത്യം നാം തിരസ് കരിക്കുകയാണ്. എല്ലാ കക്ഷി കളുടെയും നേതാക്കൾ വിലക്കയററി നെതിരായി ദരിദ്രർക്ക് വേണ്ടി വൻ പ്രസംഗങ്ങളും സമരങ്ങളും നടത്തു ന്നുണ്ട്. എന്നാൽ ഇതൊന്നും അത്ര വലിയ പ്രശ്നമല്ല എന്ന ചിന്തയാണ് അവരുടെ മനസ്സുലുള്ളത്. അവർക്കി തൊന്നും പ്രായോഗികമായി അനുഭ വപ്പെടുന്നില്ല. കമ്മ്യൂണിസ്ററുകാർ പോലും പരിപ്പുവട, കച്ചവട സംസ് കാരത്തെ പരിഹസിച്ച് തള്ളി കളയുന്നു. ഒരു നേരത്തെ ഭക്ഷണ ത്തിന് 2500 രൂപ മുടക്കാൻ ധൈര്യ മില്ലാത്തവർ എന്ന് മലയാളികളെ പുച്ഛിക്കുന്ന ഭൂമാഫിയ രാജാക്ക ൻമാരാണ് ഇവരുടെ മാതൃകാ പുരുഷോത്തമൻമാർ. അവരെ സംബന്ധിച്ചിടത്തോളം അരി കിലേ ാക്ക് 50 രൂപയും പരപ്പിന് 150 രൂപയും വന്നാലും വിഷമമില്ല. (കിലോയ്ക്ക് 125 രൂപ ബസ്മതി അരിയാണിവർ കഴിക്ക ുന്നതെന്നതിനാൽ അരിവിലക്കിത്രകുറ വാ എന്ന് പോലും ഇവർ ചിന്തിച്ചേക്ക ാം). സെൽഫോണിനും കംപ്യൂട്ടറിനും ഇന്റർനെററിനും വിമാനയാത്രയ്ക്കും വ ാഹനങ്ങൾക്കും വിലകുറയുകയാണ് അ വരുടെ ലക്ഷ്യം. (അയ്യോ വിട്ടുപോയി, സ്വർണ്ണത്തിന്റെ വിലക്കയററം. പുരോ ഗമ സ്ത്രീസംഘടനകളുടെ നേത ാക്കൾ പോലും ഇതാണ്, അരിവില വ ർദ്ധനയല്ല പ്രധാനമായി കാണുന്നത്.)

പിന്നെ ജനങ്ങളെ വഞ്ചിക്കാൻ ഇ വർ വലിയ വാചകമടികൾ നടത്തും. ഇടത്-വലത് വിഭാഗക്കാരും അവർക്ക ിടയിലെ ഗ്രൂപ്പുകളും ചേരിതിരിഞ്ഞ് നിന്ന് തെറിവിളിക്കും. വിശന്ന് പൊ രിഞ്ഞിരിക്കായണെങ്കിലും ഇവരുടെ ടിവി വാദപ്രതിപാദങ്ങൾ കണ്ടാൽ ഒ രുമാതിരിപ്പേരുടെയും വിശപ്പടങ്ങും. പിന്നെ നമുക്ക് ഒട്ടനവധി റിയാലിററി ഷോകളുമുണ്ട്-സംഗതി കുശാൽ. േ കരളത്തിലെ നിത്യോപയോഗ സാ ധനങ്ങളൊന്നും ഇവിടെ നിർമ്മിക്കു ന്നതല്ല എന്നതാണ് വിലനിയന്ത്രിക്ക ുന്നതിൽ നിന്നും സർക്കാറിനെ പി ന്തിരിപ്പുക്കുന്ന പ്രധാനഘടകം. അ ന്യസംസ്ഥാനങ്ങൾ വാങ്ങുന്ന ഉത്പ ന്നങ്ങൾ വാങ്ങി സബ്സിഡി നൽകി ഇവിടെ വിൽക്കലാണ് സർക്കാറിന്റെ വിപണി ഇടപെടൽ. സബ്സിഡിയു ടെ നേട്ടം യഥാർത്ഥ കർഷകർക്കല്ല, ഇടനിലക്കാർക്കാണ് കിട്ടുന്നത് എന്ന ത് മറെറാരു പ്രശ്നം. മറിച്ച് ഈ ഉ ത്പന്നങ്ങൾ ഇന്നാട്ടിൽ ഉത്പാദിപ്പ ിക്കുന്നത് പ്രേത്സാഹനമായി ഈ പണം ഉപയോഗിക്കുകയാണെങ്കിേ ലാ? ഇവിടെ ഉത്പദനം കൂടും. അ തുവഴി നമ്മുടെ മണ്ണും വെള്ളവും വായുവും ആരോഗ്യവും നിലനി ൽക്കും. പക്ഷേ ഇതിനായി സർക്ക ാറുകളോ രാഷ്ട്രീയ കക്ഷികളോ ഒ ന്നും പറയുന്നില്ല. കാരണം കേരത്ത ിൽ ഇനിയും അവശേഷിക്കുന്ന കാ ർഷിക സാധ്യതകൾ (മണ്ണും വെള്ള വും) നശിപ്പിച്ചുകൊണ്ട് വികസനം ഉണ്ടാക്കാനാണല്ലോ അവർ ശ്രമിക്കു ന്നത്. ഇക്കാര്യത്തിൽ പ്രതിപക്ഷത്ത ിനും വലിയ ആശങ്കകളില്ല. ഷോപ്പ ിംഗ് ഉത്സവത്തെ അവരും എതിർക്ക ുന്നില്ല. അതായത് ഇവരെല്ലാം മനസ്സ ുകൊണ്ട് ഒരേ തൂവൽ പക്ഷികൾ ത ന്നെയാണ്. മുഖം നോക്കാതെ സ ത്യം തുറന്ന് പറയുന്ന മാധ്യമങ്ങൾ ഇക്കാര്യങ്ങൾ വിളിച്ചുപറയാൻ തയ്യ ാറാകാത്തത് മറെറാന്നും കൊണ്ടല്ല. അഭിപ്രായ സത്യങ്ങൾ പറഞ്ഞ് ക ിട്ടുന്ന പരസ്യം കളയുന്നത് എന്തി ന് എന്ന് കരുതിയാണ്.

*തണൽ, കൊച്ചി-21*


- books
- magazines
- periodicals

BYWORD BOOKS

marva plaza, machingal lane
m.g. road, thrissur
Tel. : 0487 3256689,
Mob : 9847764577

for rare and new books